>> സംസ്കാര പഠനം


വി.എം ഇബ്റാഹീം

# ‘രാഷ്ട്രീയ ഇസ്‌ലാം’
# വരുന്നതും പോകുന്നതും

**പടിഞ്ഞാറുനിന്ന്** കേരളത്തിൽ ഇടക്കിടെ ചൂരടിച്ചുകൊണ്ടിരിക്കുന്ന ‘രാഷ്ട്രീയ ഇസ്‌ലാം’ വിവാദങ്ങളുടെ അടുക്കള വിശേഷങ്ങൾ പയ്യെപ്പയ്യെ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതോടെ ഇസ്‌ലാമിനെ വർഗീകരിച്ച്, മുസ്‌ലിമിനെ നല്ലതും ചീത്തയുമായി വിഭജിച്ച് പടിഞ്ഞാറ് നടത്തുന്ന പ്രചാരണയുദ്ധത്തിന്റെ ഉള്ളുകള്ളികളും വ്യക്തമാവുകയാണ്.

മൂറുകളുടെയും ബാർബേറിയന്മാരുടെയും കാടൻമതമായി ഇസ്‌ലാമിനെ അപ്പാടെ എഴുതിത്തള്ളുകയായിരുന്നു പാശ്ചാത്യർ പണ്ട്. എന്നാൽ സമയോചിതമായി കാലത്തോട് അതിവർത്തിക്കുന്നതിൽ തങ്ങൾതന്നെ എന്നും മുന്നിലെന്ന് ആധുനികകാലത്തും മുസ്‌ലിംകൾ തെളിയിച്ചതോടെ ഈ താറടി ഏശാതെയായി. ഹോളിവുഡിലെ കാടൻ അറബി കടൽകിഴവന്മാർ മുതൽ മലയാളക്കരയിലെ മൊട്ടത്തലയും വട്ടത്താടിയും അരയിൽ തിരുകിയ കത്തിയും ഒത്ത മലപ്പുറം കാക്കമാർ വരെയുള്ളവർ അപ്രത്യക്ഷമായത് അങ്ങനെയാണ്. ഹോളിവുഡിനെ അനുകരിച്ച് പാവം ആര്യാടൻ ഷൗക്കത്ത് വരെ മുസ്‌ലിം ഭീകരവേഷത്തിന് ഗ്ലാമർ നടന്മാരെ തെരയുന്നതാണ് മാറിയ അനുഭവം. താടിയും തലപ്പാവും ധരിച്ച അപരിഷ്കൃതനല്ല, ഐ.ടി/ സാങ്കേതികവിദ്യാസമ്പന്നരായ പ്രഫഷനലുകളും ബുദ്ധിജീവികളുമാണല്ലോ ഇപ്പോൾ ഭീകരതയുടെ പടിഞ്ഞാറൻ രേഖാചിത്രങ്ങൾ.

അങ്ങനെ വേഷപ്പകർച്ച നൽകിയുള്ള അടച്ചാക്ഷേപത്തിനും പടിയടച്ച അയിത്തത്തിനും പകരം ആശയപരമായിത്തന്നെ ഇസ്‌ലാമിനെ പൊളിച്ചടുക്കാനായി പിന്നെ ശ്രമം. ഫൗണ്ടേഷനുകൾ, ബൗദ്ധിക കേന്ദ്രങ്ങൾ (think tanks), യൂനിവേഴ്സിറ്റികളിൽ പ്രത്യേക ചെയറുകൾ, ഫാക്കൽറ്റികൾ എന്നിവ സ്ഥാപിച്ചും സ്കോളർഷിപ്പുകളും ഫെലോഷിപ്പുകളും അനുവദിച്ചും ഇസ്‌ലാമിനെയും മുസ്‌ലിം സമൂഹത്തെയും സംബന്ധിച്ച് പടിഞ്ഞാറൻ മേൽനോട്ടത്തിൽ നടന്നുവരുന്ന പഠനങ്ങൾ ഇതിന്റെ ഭാഗമാണ്. ഇതിൽ ചിലത് ഇസ്‌ലാമിനെ നേരാംവണ്ണം സൂക്ഷ്മമായി വിശകലനവിധേയമാക്കുമ്പോൾ വേറെ ചിലത് നിഷേധാത്മകവും ഉപരിപ്ലവവും എന്നാൽ പ്രകോപനപരവുമായ ഇസ്‌ലാംവിമർശങ്ങളാണ്. രണ്ടും ആത്യന്തികമായി നിവർത്തിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ ഒന്നുതന്നെ–ലോകത്തെ ഏകധ്രുവശക്തിയുടെ പ്രതിയോഗിയായി വളരുന്ന ഇസ്‌ലാമിനെതിരായ തന്ത്രങ്ങളും അടവുകളും ആവിഷ്കരിക്കുക. ഇസ്‌ലാമിനെ തലനാരിഴ കീറി പരിശോധിച്ച് വിവിധ ഘടകങ്ങളാക്കി വേർതിരിച്ച് തങ്ങൾക്ക് പഥ്യമായത് എടുക്കുകയും അല്ലാത്തത് ലോകത്തിനുതന്നെ കൊള്ളാത്തതെന്ന മട്ടിൽ തള്ളിക്കളയുകയുമാണ് ഈ പഠനത്തിന്റെ സ്വഭാവം. രാഷ്ട്രീയം, സാംസ്കാരികം, പാരമ്പര്യം, സ്വൂഫിമാർഗം





ചിലത് ഇസ്‌ലാമിനെ നേരാംവണ്ണം സൂക്ഷ്മമായി വിശകലനവിധേയമാക്കുമ്പോൾ വേറെ ചിലത് നിഷേധാത്മകവും ഉപരിപ്ലവവും എന്നാൽ പ്രകോപനപരവുമായ ഇസ്‌ലാംവിമർശങ്ങളാണ്. രണ്ടും ആത്യന്തികമായി നിവർത്തിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ ഒന്നുതന്നെ–ലോകത്തെ ഏകധ്രുവശക്തിയുടെ പ്രതിയോഗിയായി വളരുന്ന ഇസ്‌ലാമിനെതിരായ തന്ത്രങ്ങളും അടവുകളും ആവിഷ്കരിക്കുക. ഇസ്‌ലാമിനെ തലനാരിഴ കീറി പരിശോധിച്ച് വിവിധ ഘടകങ്ങളാക്കി വേർതിരിച്ച് തങ്ങൾക്ക് പഥ്യമായത് എടുക്കുകയും അല്ലാത്തത് ലോകത്തിനുതന്നെ കൊള്ളാത്തതെന്ന മട്ടിൽ തള്ളിക്കളയുകയുമാണ് ഈ പഠനത്തിന്റെ സ്വഭാവം.

തുടങ്ങി വിവിധ കോളങ്ങളിലേക്ക് ഇസ്‌ലാമിനെ പകുത്തുമാറ്റി, തങ്ങൾക്ക് ശല്യം ചെയ്യാത്തതിനെ ഒറിജിനലും ക്രിയാത്മകവും എന്നും അല്ലാത്തതിനെ വ്യാജനും പ്രതിലോമപരവും എന്നും മുദ്രകുത്തുന്നതും ഇതിന്റെ ഭാഗമാണ്.

എൺപതുകൾവരെയുള്ള പാശ്ചാത്യ, ഓറിയന്റലിസ്റ്റ് പഠനങ്ങളിൽ ഇസ്‌ലാമിക മതമൗലികവാദം, നവജാഗരണം, നവോത്ഥാനം എന്നെല്ലാം വ്യവഹരിക്കപ്പെട്ടിരുന്ന പ്രവണത തന്നെയാണ് പിന്നീട് ഇസ്‌ലാമിസം എന്നും രാഷ്ട്രീയ ഇസ്‌ലാമെന്നും ആയി മാറിയതെന്ന് ബൈറൂത്തിലെ അമേരിക്കൻകലാശാലയിൽ രാഷ്ട്രമീമാംസാഗവേഷകനായ സി.ജെ. എൽ സൊറൻസൺ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ ഗവേഷണങ്ങൾക്ക് മുസ്‌ലിം ബുദ്ധിജീവികളും അക്കാദമീഷ്യന്മാരും വമ്പിച്ചതോതിൽ വിലയ്ക്കെടുക്കപ്പെടുന്നു. അതിനൊപ്പം ചിലരെ വിലക്കെടുത്ത് മുസ്‌ലിംവേഷം കെട്ടിച്ച് കൊണ്ടാടുന്ന പതിവുമുണ്ട്. സൽമാൻ റുഷ്ദി മുതൽ അവിവാഹിത മാതാവ് എന്ന് സ്വയം വിശേഷിപ്പിക്കുന്ന അസ്‌റാ നുഅ്മാനി വരെ ഉദാഹരണം.

ഈ കെട്ടുകാഴ്ചകളിലെ പുതുകൗതുകങ്ങളിലൊന്നാണ് കഴിഞ്ഞ ഏപ്രിൽ 22-ന് ബ്രിട്ടനിൽ അരങ്ങേറിയത്. അന്നേ ദിവസം ബ്രിട്ടനിൽ നിലവിൽവന്ന 'ആദ്യത്തെ തീവ്രവാദവിരുദ്ധ മുസ്‌ലിം ബൗദ്ധികകേന്ദ്രം' പാശ്ചാത്യശക്തികൾ ഇസ്‌ലാമിനെ അകത്തുകയറി തകർക്കാൻ നടത്തുന്ന കുത്സിതനീക്കങ്ങൾ സ്വയം വെളിപ്പെടുത്തുന്നു. ഒപ്പം ഇടതു, സ്വതന്ത്രവേഷം കെട്ടി ആഗോള ഇസ്‌ലാമികപ്രസ്ഥാനങ്ങളെ കരിവാരിത്തേക്കാൻ പടിഞ്ഞാറുനിന്ന് പകർത്തെഴുത്ത് നടത്തുന്നവരുടെ പാപ്പരത്തത്തിന്റെ അനാവരണം കൂടിയായി അത്. 'ക്വിലിയം (Quillium)ഫൗണ്ടേഷൻ' എന്ന പേരിൽ ബ്രിട്ടീഷ്ഗവൺമെന്റിന്റെ സഹായത്തോടെ നിലവിൽ വന്ന ഈ കേന്ദ്രത്തിന്റെ സാരഥികൾ രണ്ടുപേരാണ്-എദ് ഹുസൈനും മാജിദ് നവാസും. ഇരുവരും ഹിസ്ബുത്തഹ്‌രീർ എന്ന തീവ്രവാദസംഘടനയിൽനിന്ന് സ്വയം പിരിഞ്ഞവർ. ഇവരിൽ എദ് ഹുസൈനെ 'ദ ഇസ്‌ലാമിസ്റ്റ്' എന്ന കുമ്പസാരഗ്രന്ഥവുമായി നേരത്തേ പടിഞ്ഞാറ് ആഘോഷപൂർവം കെട്ടിയെഴുന്നള്ളിച്ചതാണ്. 'ഞാൻ ബ്രിട്ടനിലെ തീവ്രവാദ ഇസ്‌ലാമിൽ ചേർന്നതെന്ത്, അതിനകത്ത് കണ്ടതെന്ത്, അവിടം വിട്ടതെന്ത്' എന്ന് വിശദീകരിക്കുന്ന, 2007-ൽ പെൻഗ്വിൻ പ്രസിദ്ധീകരിച്ച ഈ പുസ്തകം ആഗോള


*സിയാഉദ്ദീൻ സർദാർ*

**നബിയുടെ പേര് ഉപയോഗിക്കുന്നത് പന്തികേടാണെന്ന് ആരോ പറഞ്ഞതുകേട്ട് മുഹമ്മദ് എന്ന നാമത്തിന്റെ തലവെട്ടി പേര് എദ് എന്നു ചുരുക്കി. അതിനിടെ 2001 സെപ്റ്റംബറിന്റെ ദുരന്തമുണ്ടായപ്പോൾ കക്ഷി അമേരിക്കൻ ചേരിയിലായി. ബുഷിന്റെ അഫ്ഗാൻ-ഇറാഖ് ആക്രമണങ്ങൾക്ക് ന്യായം ചമച്ചു. മുഖം മിനുക്കാൻ ആയിടെ ബുഷ് മുസ്‌ലിം പുരോഹിതർക്ക് ഒരുക്കിയ സദ്യയുണ്ണാനെത്തിയ പുരോഹിത പ്രമുഖർ എദിന്റെ പുതിയ ആത്മീയ ഗുരുക്കന്മാരായി.**

ഇസ്‌ലാമികവിരുദ്ധരുടെയും 'മുസ്‌ലിംഭീകര'വേട്ടക്കാരുടെയും റഫറൻസ്കൃതിയായി മാറി. കിഴക്കൻ പാകിസ്താനിൽനിന്ന് ഇംഗ്ലണ്ടിലേക്ക് കുടിയേറിയ സിൽഹട്ടിലെ ഒരു ത്വരീഖത്ത് ശൈഖ് ആയ അബ്ദുല്ലത്വീഫിന്റെ അനുയായിയുടെ മകനാണ് മുഹമ്മദ് മഹ്ബൂബ് ഹുസൈൻ. 15-ാം വയസ്സിൽ സ്കൂൾ വിദ്യാർഥിയായിരിക്കെ ഇസ്‌ലാമികപഠനത്തിന് നിശ്ചയിക്കപ്പെട്ട ഗുലാം സർവർ എന്ന പാക്പണ്ഡിതന്റെ കൃതിയിലൂടെ ഇസ്‌ലാമിന്റെ രാഷ്ട്രീയ, സാമൂഹികവ്യവസ്ഥ പഠിച്ച ഹുസൈൻ അതുവഴി ജമാഅത്തെ ഇസ്‌ലാമിയെയും അതിന്റെ ഇംഗ്ലണ്ടിലെ യുവജനവിഭാഗമായിരുന്ന യംഗ് മുസ്‌ലിം ഓർഗനൈസേഷനെയും പരിചയപ്പെടുന്നു. ദിക്റും മൗലിദും മറ്റും മാത്രം കേട്ടു പരിചയിച്ച പയ്യൻ, സയ്യിദ് അബുൽഅഅ്‌ലാ മൗദൂദിയുടെയും ശഹീദ് സയ്യിദ് ഖുത്ബിന്റെയും ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്രവ്യാഖ്യാനങ്ങളിൽ ആകൃഷ്ടനാവുകയും വൈ.എം.ഒയുടെ സജീവപ്രവർത്തകനായി മാറുകയും ചെയ്തു.

അതുമായി മുന്നോട്ടു പോകവെ, പതിനെട്ടാമത്തെ വയസ്സിൽ ബ്രിട്ടനിൽ സജീവമായി പ്രവർത്തിക്കുന്ന ഹിസ്ബുത്തഹ്‌രീർ എന്ന സംഘടനയെ പരിചയപ്പെടുന്നു. ഈജിപ്തിലെ മുസ്‌ലിം ബ്രദർഹുഡിന് തീവ്രത പോരാഞ്ഞ് വിട്ടുപോന്ന തഖിയ്യുദ്ദീൻ നബ്ഹാനി എന്ന പണ്ഡിതൻ 1952-ൽ ജോർദാനിൽ രൂപം കൊടുക്കുകയും അവിടെ നിരോധിക്കപ്പെട്ടതിനെ തുടർന്ന് വിവിധ പശ്ചിമേഷ്യൻ നാടുകളിൽ ഒളിഞ്ഞും തെളിഞ്ഞും വ്യാപിക്കുകയും ചെയ്ത സംഘടനയാണ് ഹിസ്ബുത്തഹ്‌രീർ. ആഗോളതലത്തിൽ ഇസ്‌ലാമികഖിലാഫത്ത് സ്ഥാപിക്കുകയാണ് അത് ലക്ഷ്യമായി പറയുന്നത്. തൊണ്ണൂറുകളുടെ തുടക്കത്തിൽ ബാൾക്കൻ നാടുകളിലും മറ്റും മുസ്‌ലിംകൾക്കെതിരായുണ്ടായ അതിക്രമങ്ങളിൽനിന്ന് സന്ദർഭാനുസൃതം മുതൽക്കൂട്ടി ലണ്ടനിലും പ്രാന്തങ്ങളിലും ഹിസ്ബുത്തഹ്‌രീർ സജീവമായിക്കൊണ്ടിരുന്ന സന്ദർഭമായിരുന്നു അത്. ഹിസ്ബിന്റെ പ്രചാരണങ്ങൾ ശ്രദ്ധിക്കാനിടയായ ഹുസൈൻ ക്രമേണ അങ്ങോട്ടു തിരിഞ്ഞു. അതോടെ മൗലാനാ മൗദൂദിയുടെ ഇസ്‌ലാമിന്റെ രാഷ്ട്രീയവ്യാഖ്യാനം വെറും വാചകക്കസർത്തും ജമാഅത്തിന്റെ നിലപാടുകൾ ഉട്ടോപ്യയുമായി അയാൾക്ക്. മൗദൂദിയുടേതും സംഘടനയുടേതും ഒട്ടും തീവ്രതയില്ലാത്ത അയഞ്ഞ നിലപാടാണെന്നായി. ജമാഅത്തും ഇഖ്‌വാനുൽ മുസ്‌ലിമൂനും അല്ല, ബോസ്നിയൻ മുസ്‌ലിംകൾക്കുവേണ്ടി ആയുധമെടുത്തു പോരാടാൻ ആഹ്വാനം ചെയ്യുന്ന, ഇതര മതസ്ഥരെ കാഫിറുകളാക്കി അകറ്റിനിർത്തുന്ന, ആഗോള ഇസ്‌ലാമികരാഷ്ട്രത്തിന് ശ്രമിക്കുന്ന ഹിസ്ബുത്തഹ്‌രീറാണ് വിശ്വാസിക്ക് പഥ്യം എന്നായി. അങ്ങനെ ഹിസ്ബിൽ അണിചേർന്ന ഹുസൈൻ അവിടെയും രണ്ടു വർഷം കഴിച്ചുകൂട്ടി.

ഇരുപത്തൊന്നാമത്തെ വയസ്സിൽ ഹിസ്ബിൽനിന്നു പുറത്തുകടന്നു. പിന്നീട് മുസ്‌ലിം ബ്രദർഹുഡിന്റെ ബ്രിട്ടീഷ് കൗണ്ടർപാർട്ടായ ഇസ്‌ലാമിക് സൊസൈറ്റി ഓഫ് ബ്രിട്ടന്റെ സഹയാത്രികനായി. അവിടെയും സ്വസ്ഥത കിട്ടാതെ ഒടുവിൽ ദമസ്കസിലെയും തുർക്കിയിലെയും ദർഗകളിൽ ചെന്നെത്തുന്നതോടെ മൂഷിക സ്ത്രീ പിന്നെയും മൂഷിക സ്ത്രീയായി. കിഴക്കൻ ബംഗാളിലെ അന്ധവിശ്വാസങ്ങളിൽ അടയിരുന്നിരുന്ന പഴയ കുടുംബപശ്ചാത്തലത്തിലേക്ക് ത


എദ് ഹുസൈൻ

**എദ് ഹുസൈനും സ്പോൺസർമാരും 'ഇസ്‌ലാമിസം' എന്നു പേരിട്ടു വിളിക്കുന്ന രാഷ്ട്രീയ, സാമൂഹികപ്രവർത്തനങ്ങളുടെ പേരിലാണ് അബ്ദുല്ല ക്വിലിയം അറിയപ്പെട്ടത്. 'ഇസ്‌ലാമിസ'ത്തെ പിഴുതെറിയാനുള്ള സ്ഥാപനത്തിന് ഈ പേര് എങ്ങനെ ചേരും എന്നാണ് യഹ്‌യയുടെയും ഇതര നിരീക്ഷകരുടെയും ചോദ്യം.**

ന്നെ ഹുസൈൻ തിരിച്ചെത്തുകയാണ്. അങ്ങനെ നബിയുടെ പേര് ഉപയോഗിക്കുന്നത് പന്തികേടാണെന്ന് ആരോ പറഞ്ഞതു കേട്ട് മുഹമ്മദ് എന്ന നാമത്തിന്റെ തല വെട്ടി പേര് എദ് എന്നു ചുരുക്കി. അതിനിടെ 2001 സെപ്റ്റംബറിന്റെ ദുരന്തമുണ്ടായപ്പോൾ കക്ഷി അമേരിക്കൻ ചേരിയിലായി. ബുഷിന്റെ അഫ്ഗാൻ-ഇറാഖ് ആക്രമണങ്ങൾക്ക് ന്യായം ചമച്ചു. മുഖം മിനുക്കാൻ ആയിടെ ബുഷ് മുസ്‌ലിം പുരോഹിതർക്ക് ഒരുക്കിയ സദ്യയുണ്ണാനെത്തിയ പുരോഹിത പ്രമുഖർ എദിന്റെ പുതിയ ആത്മീയ ഗുരുക്കന്മാരായി.

പതിനാറിൽ തുടങ്ങി ഇരുപത്തൊന്നാംവയസ്സിൽ അവസാനിച്ച ഒരു ചെറുപ്പക്കാരന്റെ അലച്ചിലും മലക്കം മറിച്ചിലുകളുമാണ് ഇസ്‌ലാമിക നവജാഗരണത്തെ അടിക്കാനുള്ള വടിയായി പടിഞ്ഞാറ് ഉപയോഗപ്പെടുത്തിവരുന്നത്. 'രാഷ്ട്രീയ ഇസ്‌ലാമി'നെതിരായ ഈ നേർച്ചക്കാളയെ ഒടുവിൽ കൊണ്ടുപോയി കെട്ടാൻ പടിഞ്ഞാറുതന്നെ ഉണ്ടാക്കിയ സ്വന്തം ആലയാണ് ക്വിലിയം ഫൗണ്ടേഷൻ. 'അക്രമാസക്ത തീവ്രവാദത്തെ ചെറുക്കാൻ' ബ്രിട്ടീഷ് ഗവൺമെന്റ് രൂപം കൊടുത്ത പാത്ത്ഫൈൻഡർ ഫണ്ട് അടക്കമുള്ള സ്വകാര്യ ഫണ്ടിംഗ് ഏജൻസികളുടെ തണലിൽ തുടക്കമിട്ട ക്വിലിയം ഫൗണ്ടേഷന്റെ ഉദ്ഘാടന പരിപാടികൾ സമ്പൂർണ സർക്കാർ സംരക്ഷണത്തിലായിരുന്നു. ബ്രിട്ടനിലെ മുസ്‌ലിംകളെ തീവ്രവാദവത്കരണത്തിൽനിന്ന് തടയുകയാണ് ഫൗണ്ടേഷന്റെ പ്രഖ്യാപിത ലക്ഷ്യം. സുഊദി വഹാബികൾ, സയ്യിദ് ഖുത്ബിന്റെ 'വഴിയടയാളങ്ങളി'ലും മൗദൂദിയുടെ ജിഹാദ് കൃതികളിലും ആകൃഷ്ടരായവർ, അൽഖാഇദയുടെ അനുയായികൾ, ഫലസ്തീനിലെയും മറ്റും ആത്മഹത്യാ സ്കോഡുകൾ തുടങ്ങി സകലമാന തീവ്രവാദികളെയും തീവ്രവാദ മുക്തമാക്കുകയാണ് മുഖ്യ പരിപാടി. ഇവരെ ജയിലിലടച്ചതുകൊണ്ട് കാര്യമായില്ല. പിന്നെയോ? ഇവരുടെ ചിന്താഗതികളെ തുറന്നുകാട്ടുകയും അവരുടെ ആശയങ്ങളിൽനിന്ന് ചെറുപ്പക്കാരെ അകറ്റിനിർത്തുകയും ചെയ്യുക. അതിന് യൂസുഫുൽ ഖറദാവി, അസ്സാംതമീമി, റാശിദുൽ ഗനൂശി തുടങ്ങിയ പണ്ഡിതന്മാരെ പൊറുപ്പിക്കരുത്, ഇസ്‌ലാമിക് ഫൗണ്ടേഷൻ, മുസ്‌ലിം കൗൺസിൽ ഓഫ് ബ്രിട്ടൻ പോലുള്ള മുസ്‌ലിം സംഘടനകൾക്ക് പ്രവർത്തനാനുമതി നൽകരുത്, തീവ്രവാദികളെ കാണുന്ന മാത്രയിൽ പിടികൂടി അധികാരികൾക്ക് ഏൽപിച്ചുകൊടുക്കുക, കാമ്പസുകളിലും പള്ളികളിലും നടക്കുന്ന പ്രഭാഷണങ്ങൾ നിരീക്ഷിച്ച് തീവ്രവാദ പരിപാടികൾക്ക് തടയിടുക, മുസ്‌ലിം സ്ഥാപനങ്ങളിലെ സിലബസ്സുകൾ കൂടുതൽ ആധുനികവും ബ്രിട്ടീഷ് ആഭിമുഖ്യമുള്ളതുമാക്കുക, ഹമാസിന്റെയും ഇസ്രയേലിന്റെ നാശത്തിനുവേണ്ടി പ്രവർത്തിക്കുന്ന മറ്റു സംഘടനകളുടെയും വക്താക്കളുടെ ലേഖനങ്ങൾ തമസ്കരിക്കുക, ചാനലുകളിൽ അവർക്ക് അവസരം പരമാവധി ചുരുക്കുക, മുസ്‌ലിംകളെ മുന്നിൽനിർത്തിയും വേണ്ട ഫണ്ട് നൽകിയും ഇതര യൂറോപ്യൻരാജ്യങ്ങളിലെ മുസ്‌ലിംഗ്രൂപ്പുകളുമായി കൂട്ടിയിണക്കിയും തീവ്രവാദത്തിനെതിരെ തടയണ പണിയുക തുടങ്ങി ഒട്ടനവധി ആവശ്യങ്ങൾ ഫൗണ്ടേഷന്റെ നയരേഖയിൽ മുസ്‌ലിംസമൂഹത്തോടും നേതാക്കളോടും സർക്കാറിനോടുമെല്ലാം ഉന്നയിക്കുന്നുണ്ട്.

ചുരുക്കത്തിൽ, ബുഷ്-ബ്ലെയർ-ബ്രൗൺ പ്രഭൃതികളേക്കാളും ഒരു പടി മുന്നിൽ കടന്നുള്ള ഭീകരവിരുദ്ധപോരാട്ടവുമായാണ് എദ് ഹുസൈന്റെയും മുൻ ഹിസ്ബ്കൂട്ടാളികളുടെയും രംഗപ്രവേശം. ബ്രിട്ടനിലെ ഇസ്രയേൽ പക്ഷപാതിയായ യാഥാസ്ഥിതികകക്ഷിയുടെ നേതാവ് മൈക്കൽ ഗവ് അടക്കമുള്ള ഒട്ടേറെ ഇസ്‌ലാംവിരുദ്ധ ഉച്ചഭാഷിണികളുണ്ട് ഫൗണ്ടേഷന്റെ 17 അംഗ ഉപദേശക സമിതിയിൽ. ഈ പ്രവർത്തനം സാമ്രാജ്യത്വശക്തികളെ ഹരംകൊള്ളിക്കുക സ്വാഭാവികം. യു.എസ് പ്രസിഡന്റ് ജോർജ് ഡബ്ല്യൂ. ബുഷിന്റെ ഡപ്യൂട്ടി അസിസ്റ്റന്റും ദേശീയ സുരക്ഷാ ഉപദേഷ്ടാവുമായ യുവാൻ കാർലോസ് സരാട്ടെ തന്നെ ഫൗണ്ടേഷന് ആദ്യ മംഗളപത്രം നൽകി. ഭീകരവേട്ടയുടെ പേരിൽ ഇസ്‌ലാമിനെതിരെ പ്രചാരണയുദ്ധം നയിക്കുന്ന പാശ്ചാത്യമീഡിയ വമ്പിച്ച കവറേജാണ് ഫൗണ്ടേഷന് നൽകുന്നത്. എദ് ഹുസൈനെയും തീവ്രവാദിക്യാമ്പ് വിട്ട കൂട്ടാളികളെയും കൊണ്ടുനടക്കുകയും ഹുസൈന്റെ ആത്മകഥ കൊണ്ടാടുകയും ചെയ്യുന്നത് ആര്, എന്തിന് എന്ന് ഇതോടെ തീർച്ചപ്പെടുകയാണ്.

കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയെ പ്രഹരിക്കാൻ 'സമകാലിക മലയാളം' വാരികയും ഹമീദ് ചേന്ദമംഗല്ലൂരും ഈ പടിഞ്ഞാറൻ ഏജൻറിനെയാണ് കൂട്ടുപിടിച്ചത്. തീവ്രത പോരാഞ്ഞ് എദ് ഹുസൈൻ മൗദൂദിയെ വിട്ടു കൂടനവധി മാറിയതും ഒടുവിൽ യു.എസ്-ബ്രിട്ടീഷ് പിണിയാളായി തീർന്നതുമൊന്നും മൗദൂദിയെയും ജമാഅത്തിനെയും കുതിരകയറാനിറങ്ങിയവർക്ക് പ്രശ്നമായില്ല. സാമ്രാജ്യത്വത്തിനെതിരെ ശക്തമായ വികാരങ്ങളുമായി ജീവിതയാത്ര ആരംഭിച്ചെന്നു പറയുന്ന ഹുസൈൻ ഒടുവിൽ അവരുടെ മെഗാഫോൺ ആയിത്തീർന്നു. ജമാഅത്തെ ഇസ്‌ലാമി മുതൽ ഒടുവിൽ പരീക്ഷിച്ച ഇഖ്‌വാൻ സംഘടന വരെ അടഞ്ഞതാണെന്ന് ആക്ഷേപിച്ച ഹുസൈൻ രൂപംകൊടുത്ത ഫൗണ്ടേഷനാകട്ടെ, പ്രതിയോഗികളെ രാജ്യത്തുനിന്ന് പുറത്താക്കാനും അവർ അകത്ത് കടക്കുന്നത് തടയാനും വാദിക്കുന്ന തനി പിന്തിരിപ്പൻ ഫാഷിസ്റ്റ് സ്ഥാപനമായി.

അതിന്റെ പേരിലുമുണ്ട് പ്രകടമായ വൈരുധ്യം. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടനിൽ ഇസ്‌ലാമിന് ഒട്ടേറെ സംഭാവനകളർപ്പിച്ച പരിവർത്തിത ബ്രിട്ടീഷ് മുസ്‌ലിം ആയിരുന്നു അബ്ദുല്ലാ ക്വിലിയം(1856-1932). അദ്ദേഹത്തിന്റെ പേരാണ് ഫൗണ്ടേഷൻ സ്വീകരിച്ചത്. മൊറോക്കോയിൽവെച്ച് ഇസ്‌ലാം ആശ്ലേഷിച്ച ഇദ്ദേഹമാണ് 1889-ൽ ബ്രിട്ടനിൽ ആദ്യ മുസ്‌ലിംപള്ളിയും ഇസ്‌ലാമിക് ഇൻസ്റ്റിറ്റ്യൂട്ടും പണിതത്. കടുത്ത പാശ്ചാ

ത്യ സാമ്രാജ്യത്വവിരോധിയും ഉസ്മാനീ ഖിലാഫത്തിന്റെ ശക്തനായ വക്താവുമായിരുന്ന അദ്ദേഹത്തെ 1894-ൽ സുൽത്താൻ അബ്ദുൽഹമീദ് രണ്ടാമൻ ബ്രിട്ടീഷ്ദ്വീപിലെ 'ശൈഖുൽ ഇസ്‌ലാം' ആയി പ്രഖ്യാപിച്ചിരുന്നു. സാമ്രാജ്യത്വവിരുദ്ധ പോരാളിയായിരുന്ന ഇദ്ദേഹത്തെ 'ബ്രിട്ടനിലെ ആദ്യത്തെ ഇസ്‌ലാമിസ്റ്റ്' ആയാണ് *ബി.ബി.സി*യുടെ മുൻ ഡയറക്ടർ ജനറൽ ജോൺ ബെർടിന്റെ മകനും ബ്രിട്ടീഷ് മുസ്‌ലിംചിന്തകനുമായ യഹ്‌യ ബർട് വിശേഷിപ്പിക്കുന്നത്. അഥവാ, എദ് ഹുസൈനും സ്പോൺസർമാരും 'ഇസ്‌ലാമിസം' എന്നു പേരിട്ടുവിളിക്കുന്ന രാഷ്ട്രീയ, സാമൂഹികപ്രവർത്തനങ്ങളുടെ പേരിലാണ് അബ്ദുല്ല ക്വിലിയം അറിയപ്പെട്ടത്. 'ഇസ്‌ലാമിസ'ത്തെ പിഴുതെറിയാനുള്ള സ്ഥാപനത്തിന് ഈ പേര് എങ്ങനെ ചേരും എന്നാണ് യഹ്‌യയുടെയും ഇതര നിരീക്ഷകരുടെയും ചോദ്യം.

ഹുസൈന്റെ ഫൗണ്ടേഷനെതിരെ ആദ്യ വിമർശവുമായി രംഗത്തുവന്നത് പ്രമുഖ മുസ്‌ലിം ബുദ്ധിജീവിയായ സിയാ ഉദ്ദീൻ സർദാർ ആണെന്നത് മറ്റൊരു കൗതുകം. മുൻ ഹിസ്ബുത്തഹ്‌രീർ തീവ്രവാദികളെ വെച്ച് തീവ്രവാദവിരുദ്ധ ഫൗണ്ടേഷൻ തുടങ്ങുന്നതിനെ, 'ഭ്രാന്താശുപത്രി വിട്ടവർ മനോരോഗചികിത്സ നടത്തുന്ന'തിനോടാണ് സർദാർ ഉപമിച്ചത്. ഹുസൈന്റെ വിടുപണിയുടെ പൊള്ളത്തരം അദ്ദേഹം ലണ്ടനിലെ *ഗാർഡിയൻ* പത്രത്തിൽ (2008 ഏപ്രിൽ 24) തുറന്നെഴുതി. ഇസ്‌ലാം ഒരു പ്രത്യയശാസ്ത്രമല്ലെന്നും ബ്രിട്ടീഷ് ഭരണകൂടത്തെ സ്നേഹിച്ചും അനുസരിച്ചും വേണം മുസ്‌ലിംകൾ ജീവിക്കാനെന്നും ഉദ്ബോധിപ്പിച്ച ശൈഖ് അബ്ദുൽഅസീസ് ബുഖാരി എന്ന ഫലസ്ത്വീൻ നഖ്ശബന്തി ശൈഖിൻെറ കാര്യം പറഞ്ഞ് പടിഞ്ഞാറൻ 'സൂഫിസ'ത്തിന്റെ ഉള്ളുകള്ളികളും സർദാർ അനാവരണം ചെയ്യുന്നുണ്ട്.

ഹുസൈനു മുമ്പ് പടിഞ്ഞാറ് ഏറെ ആഘോഷിച്ചത് സമാനസ്വഭാവത്തിലുള്ള സർദാറിന്റെ ആത്മകഥയായിരുന്നു. 'സ്വർഗം തേടിയുള്ള സന്ദേഹിയായ മുസ്‌ലിമിന്റെ യാത്ര'യിൽ സർദാർ പിന്നിട്ടതും ഹുസൈൻ താണ്ടിയതുപോലുള്ള ഘട്ടങ്ങൾ തന്നെയായിരുന്നു. തബ്‌ലീഗ് ജമാഅത്തിൽ തുടങ്ങി മൗദൂദിയിലൂടെ, സുഊദി ഫണ്ടിംഗ് സ്ഥാപനങ്ങളിലൂടെ, ഇറാനിലൂടെ, സ്വൂഫീമാർഗത്തിലൂടെ വളർന്ന് ഒടുവിൽ തന്നിൽ തന്നെ തിരിച്ചെത്തുന്ന കഥയായിരുന്നു സർദാറിന്റേതും. എന്നാൽ 'ഇസ്‌ലാമിസ്റ്റ്' പുറത്തുവന്നപ്പോൾ ടോണിബ്ലയറിനു വേണ്ടിയുള്ള പബ്ലിക്റിലേഷൻസ് ജോലി എന്നു പറഞ്ഞ് ആദ്യവിമർശവുമായി വന്നതും സർദാർ തന്നെയായിരുന്നു. തന്റെ മണ്ഡലത്തിൽ മറ്റൊരാൾ കയറി കളിക്കുന്നതും പ്രചാരം നേടുന്നതും കണ്ടതിലെ കെറുവ് ആയിരിക്കുമോ സർദാറിന്? അതിനാണ് സാധ്യതയെന്നു പറയുന്നു ഹുസൈനുൽ ഖാദി എന്ന ബ്രിട്ടനിലെ മറ്റൊരു എഴുത്തുകാരൻ (www.ummahpulse.com). 'ഭ്രാന്തന്മാരെ ആതുരജോലി ഏൽപിക്കരുത്' എന്നു പറഞ്ഞ് ഹുസൈനെതിരെ ആഞ്ഞടിക്കുന്ന സർദാറിന് അതേ ഭാഷയിൽ ഖാദി മറുപടി കുറിക്കുന്നു.

സർദാറിന്റെ പുതിയ വാദഗതിയനുസരിച്ച് തീവ്രവാദികളായ ഫെഡറേഷൻ ഓഫ് സ്റ്റുഡന്റ് ഇസ്‌ലാമിക് സൊസൈറ്റീസി (FOSIS)ൽ മുമ്പ് പ്രവർത്തിച്ച്, റോഡ് ടു മദീന പ്രോജക്ടിന്റെ പേരിൽ മൂന്നു ലക്ഷം പൗണ്ട് സുഊദി ഗവൺമെന്റിൽനിന്നു പറ്റി, 'ഉഗ്രവാദി'യായ കലീം സിദ്ദീഖിയെ (ഇപ്പോൾ ക്വിലിയം ഉപദേശകരിലൊരാളായ ഗയാസുദ്ദീൻ സിദ്ദീഖിയുടെ കൂടെ ഖുമൈനിയുടെ റുഷ്ദി 'വധാഹ്വാന'ത്തെ പിന്തുണച്ചയാളായിരുന്നു അദ്ദേഹം) മുസ്‌ലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സഹായിച്ച്, ഖുമൈനിയുടെ ഇറാനിലെ സാധ്യത തേടി രണ്ടുവട്ടം യാത്രചെയ്ത് ഇസ്‌ലാമിസത്തെ പരമാവധി ഉപയോഗപ്പെടുത്തിയ ശേഷം തിരിച്ചുനടക്കുന്ന സർദാറും ഒരു വിഭ്രമമുക്തനല്ലേ എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം. മകൾ മഹാ സർദാറിനെയും അംഗമാക്കി സിയയും കൂട്ടുകാരും രൂപം കൊടുത്ത 'ബ്രിട്ടീഷ് മുസ്‌ലിംസ് ഫോർ സെക്യുലർ ഡെമോക്രസി' ( BMFSD)ക്ക് ലഭിക്കേണ്ട ഔദ്യോഗികാംഗീകാരവും സാമ്പത്തികസഹായവും വഴിതിരിഞ്ഞുപോകുന്നതിലെ ആധിയാവാം എദ് ഹുസൈനും ക്വിലിയം ഫൗണ്ടേഷനുമെതിരെ തിരിയാൻ സർദാറിനെ പ്രേരിപ്പിക്കുന്നതെന്നും ഖാദി നിരീക്ഷിക്കുന്നു.

ഏതായാലും ഇസ്‌ലാമിനെ അകത്തുനിന്നു പൊളിച്ചുപണിയാൻ വരുന്ന 'പരിഷ്കരണ'വാദികൾ ആരുടെ കൈയാളുകളാണ് എന്നതിന് എദ് ഹുസൈന്റെ കൃതിയും ഫൗണ്ടേഷനും തൽസംബന്ധമായ വാദവിവാദങ്ങളും വ്യക്തമായ തെളിവ് നൽകുന്നു. ഇസ്‌ലാമിന്റെ സാധ്യതയും അത് തങ്ങൾക്ക് ഏൽപിച്ചേക്കാവുന്ന തിരിച്ചടികളും തിരിച്ചറിഞ്ഞ് സാമ്രാജ്യത്വശക്തികൾ അതിനെ രാഷ്ട്രീയ/സാംസ്കാരിക/പാരമ്പര്യസ്വൂഫീ ലേബലുകളിൽ വീതംവെക്കുകയും നിലവിലെ ലോകശക്തികളെ വെല്ലാൻ കെൽപുള്ള ഇസ്‌ലാമിന്റെ വിമോചനപ്രത്യയശാസ്ത്ര വീര്യത്തെ 'രാഷ്ട്രീയ ഇസ്‌ലാമി'ന്റെ താറടിച്ച് ക്രൂശിക്കുകയും ചെയ്യുന്നു. സ്വന്തം മുന്നേറ്റങ്ങൾക്ക് പ്രതിബന്ധമാകുമെന്നറിഞ്ഞു തന്നെയാണ് ആധിപത്യശക്തികളായ മുതലാളിത്തവും കമ്യൂണിസവും ഒരേ താളത്തിൽ ഈ ഇസ്‌ലാമികചോദനക്കെതിരെ തുള്ളുന്നത്. പടിഞ്ഞാറൻ അടുപ്പുകളിൽ വേവുന്ന ഇസ്‌ലാംവിരുദ്ധ പ്രചാരവേലകൾക്ക് നമ്മുടെ ഇടതുവാദികൾ വിളമ്പുകാരാകുന്നതിന്റെ യുക്തിയും മറ്റൊന്നല്ല. ■